1998ൽ തന്നെ ആലക്കോട്‌രാജ ശബരിമല സ്ത്രീ പ്രവേശനത്തിന് വാദിച്ചു

തളിപ്പറമ്പ: ആലക്കോട് രാജ എന്നറിയപ്പെട്ട പി. ആർ.രാമവർമ്മരാജ 1998ൽ തന്നെ ശബരിമലയിലെ സ്ത്രീ പ്രവേശനത്തെ വിലക്കരുതെന്ന് ആവശ്യപ്പെട്ടു. അദ്ദേഹം രചിച്ച 'ശബരിമല ശ്രീ അയ്യപ്പൻ ചരിത്രം' എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പിന് എഴുതിയ മുഖവുരയിലാണ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്.

മുഖവുരയിൽ നിന്ന്: "ഇന്ന് ശബരിമല ദർശനത്തിന് സ്ത്രീകൾ പോകുന്നത് ശരിയാണോ എന്ന വിഷയത്തിൽ വലിയ തർക്ക വിവാദങ്ങൾ നിലവിലുണ്ട്. ദുഷിച്ച ആചാരങ്ങളെ പുറന്തള്ളി സമസൃഷ്ടി ഭാവേന ലോകത്തിൽ എല്ലാവരും ഏകോദരസഹോദരർ മാത്രമാണ് എന്ന് സ്ഥാപിച്ച് എല്ലാ ജാതി മത വിഭാഗക്കാരെയും തന്റെ കൂട്ടുകാരായി സ്വീകരിച്ചയാളാണ് അയ്യപ്പൻ. അദ്ദേഹത്തിന്റെ അമ്മ ഒരു ക്ഷത്രിയ സ്ത്രീയും അച്ഛൻ ഒരു ബ്രാഹ്മണനുമാണ്. രാജവംശത്തിൽ ജനിച്ച അദ്ദേഹത്തിന്റെ കൂട്ടുകാരിൽ കാട്ടിലെ ആദിവംശജരായ അരയൻമാരും ഉള്ളാടൻമാരും, നാട്ടിലുള്ള ഈഴവരും നായൻമാരും അന്യമതസ്ഥരായ മുഹമ്മദീയരും ക്രിസ്ത്യാനികളും ഉണ്ടായിരുന്നു. അങ്ങേയറ്റം ജാതിമത വിശ്വാസങ്ങളും, വിവേചനങ്ങളും കൊടുമ്പിരിക്കൊണ്ടിരുന്ന ഒരു കാലത്ത്, അങ്ങിനെയുള്ള യാതൊരു വ്യത്യാസങ്ങളും കൂടാതെ ഏതൊരാൾക്കും ശബരിമലയിൽ പോയി ദർശനം നടത്തി ആരാധിച്ചു വരാമെന്നു തീരുമാനിക്കുകയും അതിനനുസരിച്ചുള്ള ജീവിതരീതികളും പെരുമാറ്റങ്ങളും നിർദേശിക്കുകയും ചെയ്ത അയ്യപ്പൻ ഒരിക്കലും ഒരു സ്ത്രീ വിദ്വേഷിയാകാൻ സാധ്യതയില്ല. അങ്ങനെയായിരുന്നെങ്കിൽ ആര്യൻകാവ് ക്ഷേത്രത്തിലെ ഗൃഹസ്ഥാശ്രമധ്യാനം ഉണ്ടാകുമായിരുന്നില്ല. അതിനാൽ ശബരിമല ക്ഷേത്രത്തിൽ ദർശനം നടത്തുന്നതിൽ നിന്നും സ്ത്രീകളെ നിരോധിക്കുന്നത് ഒരിക്കലും ന്യായീകരിക്കത്തക്കതല്ല. മറിച്ച് അത് മഹാപാപം തന്നെയാണ്.



പി.ആർ.രാമവർമ്മരാജയുടെ 'അയ്യപ്പൻ ചരിത്ര'ത്തിന്റെ മുഖചിത്രം

ഈശ്വരന് സ്ത്രീ പുരുഷ ഭേദമോ, ജാതിമത വ്യത്യാസമോ ഒന്നും ഇല്ല. മാത്രമല്ല പൊതുവെ സ്ത്രീകളാണ് പുരുഷൻമാരെക്കാൾ ഭക്തിയുള്ളവരായി കാണപ്പെടുന്നത്. ക്ഷേത്ര ദർശനത്തിൽ നിന്നും അവരെ നിരോധിക്കുന്നതിന് പകരം അവർക്ക് ക്ഷേത്രദർശനത്തിന് കൂടുതൽ സൗകര്യം ചെയ്തുകൊടുക്കുകയാണ് ഇന്നു ക്ഷേത്രാധികാരികൾ ചെയ്യേണ്ടത്. ഇന്ന് പമ്പ വരെ റോഡുണ്ട്. വാഹന സൗകര്യങ്ങളുണ്ട്. ആർക്കും എട്ടുപത്തു മണിക്കൂറുകൾക്കുള്ളിൽ ശബരിമലയിൽ പോയി ദർശനം നടത്തി വരാൻ സാധിക്കുന്നതാണ്. അതിനാൽ, പമ്പയിൽ നിന്നും മല ചവിട്ടി ദർശനം നടത്തിവരുന്നതിന് ഇന്ന് യാതൊരു ബുദ്ധിമുട്ടും ഇല്ല. ഋതുവായതു മുതൽ ഏഴു ദിവസത്തെ സമയമൊഴിച്ച് മറ്റേത് സമയത്തും സ്ത്രീകൾ ക്ഷേത്രദർശനം നടത്തുന്നതിൽ തെറ്റൊന്നുമില്ല."

രാജസ്ഥാനിലെ 'മീരാബായി'യും ഒരു മഹർഷി ശ്രേഷ്ഠനും തമ്മിലുള്ള സംവാദം ഉദ്ധരിച്ച് എത്ര വലിയ യോഗിയാണെങ്കിലും സ്ത്രീ വിദ്വേഷിയാകാൻ പാടില്ല എന്നും രാജ ഓർമ്മിപ്പിക്കുന്നുണ്ട്.

അയ്യപ്പൻ ശബരിമലയിൽ സന്യാസാശ്രമ പ്രകാരം സമാധി ശീലിക്കുകയാണെന്നും, മകര സംക്രമകാലത്ത് മാത്രമേ സമാധിയിൽ നിന്ന് ഉണരുകയുള്ളൂ എന്ന വിശ്വാസത്താൽ മുൻകാലങ്ങളിൽ മകരവിളക്കിനു മാത്രമേ ഭക്തർ ശബരിമലയിൽ പോകാറുള്ളൂവെന്നും എന്നാൽ ഇന്ന് മണ്ഡലകാലം, മാസപ്പിറവി, വിഷു, ഉത്സവം മുതലായ അവസരങ്ങളിൽ ദർശനം അനുവദിക്കുന്ന കാര്യവും അദ്ദേഹം എടുത്തുകാട്ടുന്നുണ്ട് പൂഞ്ഞാർ രാജകുടുംബാംഗമായ അദ്ദേഹം അവിടത്തെ വലിയ രാജാവായിരുന്നു. 2001 ആഗസ്ത് 11ന് മരണമടയുന്നതുവരെ തികഞ്ഞ അയ്യപ്പഭക്തൻ കൂടിയായിരുന്നു രാജ.

കരിമ്പം എസ്.ഡി.പി.ഐ ഓഫീസിനടുത്ത് വടിവാളുകൾ: അന്വേഷണം തുടങ്ങി

തളിപ്പറമ്പ: സമാധാന അന്തരീക്ഷം നിലനിൽക്കുന്ന തളിപ്പറമ്പിൽ വടിവാളുകൾ കണ്ടെടുത്തതിനെക്കുറിച്ച് പോലീസ് അന്വേഷണം ഊർജിതപ്പെടുത്തി. ഇന്നലെ വൈകിട്ടാണ് കരിമ്പം സർസയ്യിദ് ഹയർസെക്കണ്ടറി സ്കൂളിന് സമീപത്തെ എസ്. ഡി. പി.ഐ ഓഫീസിനടുത്ത് നിന്ന് നാല് വടിവാളുകൾ കണ്ടെടുത്തത്. എസ്.ഡി.പി.ഐ ഓഫീസിനടുത്ത് പുകയില്ലാത്ത അടുപ്പ് നിർമ്മിക്കുന്ന സ്ഥാപനത്തിന് സമീപം പൈപ്പ് ഇറക്കി വെച്ചിരുന്നു. ഇന്നലെ പൈപ്പ് എടുത്ത് മാറ്റുന്നതിനിടയിലാണ് നാലിഞ്ച് വ്യാസവും രണ്ടടി നീളവുമുള്ള ഇരുവശവും അടച്ച പി.വി.സി പൈപ്പ് ശ്രദ്ധയിൽപ്പെട്ടത്. ഉടൻ വിവരം അറിയിച്ചതിനെ തുടർന്ന് പ്രിൻസിപ്പൽ എസ്.ഐ കെ. ദിനേശന്റെ നേതൃത്വത്തിൽ പോലീസ് സംഘം എത്തി പരിശോധന നടത്തിയപ്പോഴാണ് പൈപ്പിന് ഉള്ളിൽ സൂക്ഷിച്ച നാല് വടിവാളുകൾ കണ്ടെത്തിയത്. ഇതിൽ രണ്ടെണ്ണം ഇരുഭാഗവും

എസ്.ഡി.പി.ഐ ഓഫീസിന് സമീപം ആയുധങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് പോലീസ് പരിശോധന നടത്തുന്നു

മൂർച്ചയുള്ള പ്രത്യേകതരം വാളാണ്. ഇവയ്ക്ക് അധികം പഴക്കവുമില്ല. വാളുകൾ തുരുമ്പ് പിടിക്കാതിരിക്കാൻ ഗ്രീസ് പുരട്ടിയിരുന്നു. തുടർന്ന് എസ്.ഡി.പി.ഐ ഓഫീസിൽ പോലീസ് പരിശോധന നടത്തിയെങ്കിലും സംശയാസ്പദമായ ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല.

പോലീസ് സംഘത്തിൽ എ. എസ്.ഐമാരായ വത്സൻ, മൊയ്തീൻ എന്നിവരും ഉണ്ടായിരുന്നു. വാളുകൾ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുവന്നു. വാളിലെ വിരലടയാളം പരിശോധിക്കും.

അന്വേഷണം വേണമെന്ന് എസ്.ഡി.പി.ഐ

തളിപ്പറമ്പ: കരിമ്പത്ത് നിന്നും വടിവാളുകൾ കണ്ടെടുത്തതിനെ കുറിച്ച് സമഗ്രമായ അന്വേഷണം വേണമെന്നും ഇതിന്റെ പേരിൽ എസ്.ഡി. പി.ഐ ഓഫീസ് റെയ്ഡ് ചെയ്ത നടപടി പ്രതിഷേധാർഹമാണെന്നും മണ്ഡലം കമ്മിറ്റി പ്രസ്താവനയിൽ അറിയിച്ചു. എസ്.പി.മുഹമ്മദലി അധ്യക്ഷത വഹിച്ചു. സി.ഇർഷാദ്, എം.മുഹമ്മദലി പ്രസംഗിച്ചു.

എസ്.ഡി.പി.ഐ ആളെ കൊല്ലാൻ കോപ്പ് കൂട്ടുന്നു: യൂത്ത്‌ലീഗ്

തളിപ്പറമ്പ: സമാധാനപരമായി പരസ്പരം സൗഹാർദത്തോട് കൂടി ജീവിക്കുന്ന തളിപ്പറമ്പിൽ ആയുധങ്ങൾ സംഭരിച്ച് ആളെ കൊല്ലാനുള്ള പദ്ധതിയാണ് എസ്.ഡി.പി.ഐ തളിപ്പറമ്പ് മണ്ഡലം ഓഫീസ് കേന്ദ്രീകരിച്ച് നടത്തുന്നതെന്ന് മുസ്ലിംയൂത്ത്‌ലീഗ് തളിപ്പറമ്പ മണ്ഡലം കമ്മിറ്റി പ്രസ്താവനയിൽ പറഞ്ഞു. പോലീസ് ഉണർന്ന് പ്രവർത്തിച്ച് എസ്.ഡി.പി.ഐ ശേഖരിച്ച മുഴുവൻ ആയുധങ്ങളും കണ്ടെടുത്ത് ഓഫീസ് പൂട്ടി സീൽ ചെയ്യണമെന്നും കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും മുസ്‌ലിംയൂത്ത്‌ലീഗ് തളിപ്പറമ്പ മണ്ഡലം പ്രസിഡണ്ട് പി.സി.നസീറും ജന. സെക്രട്ടറി അലി മംഗരലും ആവശ്യപ്പെട്ടു.

കാത്തിരിപ്പിന്റെ കാലം കഴിഞ്ഞു.. !!
കുറഞ്ഞ വിലയിൽ
റെഡിമെയ്ഡ്
കട്ടിള
ജനൽ
ഡോർ
കട്ടിള ₹ 3750/- 3 പാളി ജനൽ ₹9350/-
ഡോർ ₹ 2400/-
സോന
വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് Mob: 8592 888 005
N.H മാങ്ങാട് 8593 888 013

സമഗ്ര അന്വേഷണം ആവശ്യപ്പെട്ട് സി.പി.എം ജില്ലാ സെക്രട്ടറിക്ക് കത്ത് നൽകി

വഞ്ചിക്കപ്പെട്ട പ്രവാസികളും ബന്ധുക്കളും പ്രവാസിസംഘം ഭാരവാഹികളെ ചോദ്യം ചെയ്തു

തളിപ്പറമ്പ: ക്ഷേമനിധിവിഹിതത്തിന്റെ പേരിൽ വഞ്ചിക്കപ്പെട്ട പ്രവാസികൾ പ്രവാസി സംഘം ഭാരവാഹികളെ ചോദ്യം ചെയ്തു. ഇന്നലെ തളിപ്പറമ്പ പോലീസ് സ്റ്റേഷൻ പരിസരത്ത് വച്ചാണ് സംഘം ഭാരവാഹികളോട് വഞ്ചിക്കപ്പെട്ടവർ കയർത്ത് സംസാരിച്ചത്. വഞ്ചിക്കപ്പെട്ട 200ഓളം പ്രവാസികൾ ഇന്നലെ ഒത്തുചേരുകയും തളിപ്പറമ്പ സി.ഐ കെ.ജെ. വിനോയിയെ കണ്ട് സംസാരിക്കുകയും ചെയ്തിരുന്നു. ഇതിനിടയിലാണ് പ്രവാസി സംഘം ഏരിയ പ്രസിഡണ്ടും സെക്രട്ടറിയും സ്റ്റേഷനിലെത്തിയത്. ഇവരെ കണ്ടതോടെ വഞ്ചിക്കപ്പെട്ട സ്ത്രീകളടക്കമുള്ള പ്രവാസികൾ ഇവരോട് കാര്യങ്ങൾ തിരക്കി. തങ്ങൾക്ക് തട്ടിപ്പിൽ പങ്കില്ലെന്ന് പറഞ്ഞ് തടിയൂരാൻ ശ്രമിച്ചപ്പോഴാണ് യുവതികൾ അടക്കമുള്ളവർ ക്ഷുഭിതരായത്. നിങ്ങളല്ലേ യൂനിറ്റുയോഗങ്ങളിൽ കൃഷ്ണന്റെ പക്കൽ പണം അടക്കാൻ ഞങ്ങളോട് പറഞ്ഞതെന്ന് ചോദ്യത്തിന് മറുപടി ഇല്ലായിരുന്നു. സി.ഐ. കെ.ജെ. വിനോയിയും സംഘം ഭാരവാഹികളെ കുറ്റപ്പെടുത്തിയതോടെ ഞങ്ങൾക്ക് ചില തെറ്റുകൾ പറ്റിയിട്ടുണ്ടെന്ന് ഇവർ തന്നെ സമ്മതിച്ചതോടെയാണ് പ്രശ്നങ്ങൾ അവസാനിച്ചത്.

അതിനിടെ തട്ടിപ്പിനെ കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് ആക്ഷൻ കമ്മിറ്റി ചെയർമാൻ വി.വി. ചന്ദ്രനും ജനറൽ കൺവീനർ പി.പി. സത്യനും സി.പി.എം ജില്ലാ സെക്രട്ടറി പി. ജയരാജനും കത്ത് നൽകി.

നാല് വർഷമായി പ്രവാസി സംഘം ഓഫീസ് കേന്ദ്രീകരിച്ചാണ് തട്ടിപ്പ് നടക്കുന്നതെന്നും കൃഷ്ണനും കവിതക്കും മാത്രമല്ല മറ്റ് ചിലർക്കും ഇതിൽ പങ്കുണ്ടെന്നും സമഗ്രമായ അന്വേഷണത്തിലൂടെ മാത്രമേ ഈ കാര്യങ്ങൾ പുറത്തുകൊണ്ടുവരാൻ കഴിയുകയുള്ളൂവെന്നും കത്തിൽ ചൂണ്ടിക്കാട്ടി. അതേസമയം തളിപ്പറമ്പ ഏരിയയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന പ്രവാസി സംഘം യൂനിറ്റ് യോഗങ്ങളിൽ ക്ഷേമനിധി തട്ടിപ്പ് സജീവ ചർച്ചാവിഷയമായിട്ടുണ്ട്. അംഗങ്ങളുടെ ചോദ്യങ്ങൾക്ക് മുന്നിൽ കൃത്യമായ മറുപടി പറയാൻ കഴിയാതെ നേതാക്കൾ വിയർക്കുകയാണ്. പ്രവാസി സംഘത്തിന്റെ പേരിൽ വർഷങ്ങളായി നടക്കുന്ന തട്ടിപ്പ് തക്കസമയത്ത് ഇടപെട്ട് എന്തുകൊണ്ട് തടഞ്ഞില്ലെന്ന ചോദ്യത്തിന് ഒഴുക്കൻ മറുപടിയാണ് നൽകുന്നത്. തട്ടിപ്പ് സംബന്ധിച്ച് പത്രത്തിൽ വാർത്ത വന്ന ശേഷം മാത്രമാണ് നേതാക്കൾ ഇടപെട്ടതെന്നും ഏരിയാ സെക്രട്ടറിയെ മാത്രം ബലിയാടാക്കി മറ്റുള്ളവർ രക്ഷപ്പെടാൻ ശ്രമിക്കുകയാണെന്നും ചില അംഗങ്ങൾ കുറ്റപ്പെടുത്തി.

തളിപ്പറമ്പിലെ മയക്കുമരുന്ന് മാഫിയക്കെതിരെ നഗരസഭ പ്രതിപക്ഷ നേതാവ് എസ്.പിക്ക് പരാതി നൽകി

തളിപ്പറമ്പ: നഗരം മയക്കുമരുന്ന് മാഫിയ കീഴ്പ്പെടുത്തിയതിനെതിരെ നഗരസഭ പ്രതിപക്ഷ നേതാവും സി.പി.എം ഏരിയാ കമ്മിറ്റിയംഗവുമായ കോമത്ത് മുരളീധരൻ ജില്ലാ പോലീസ് ചീഫിനെതിരെ പരാതി നൽകി. നഗരത്തിന്റെ വിവിധ ഭാഗങ്ങളിലും ചില കച്ചവട കോംപ്ലക്സുകളിലും, സ്കൂൾ- കോളേജ് പരിസരങ്ങളിലും അടുത്തകാലത്തായി വലിയ രീതിയിൽ ലഹരി വിൽപ്പനയും ഉപയോഗവും വർദ്ധിച്ചിട്ടുണ്ട്. നഗരത്തിന്റെ സമീപപ്രദേശങ്ങളായ കരിമ്പം, സയ്യിദ് നഗർ, പുളിമ്പറമ്പ്, തോട്ടാറമ്പ് പ്രദേശങ്ങളിലും മയക്കുമരുന്ന് വിൽപ്പന തകൃതിയായി നടക്കുകയാണ്. 12 വയസ് മുതൽക്കുള്ള

കാവിൽ കോംപ്ലക്സിൽ ഒഴിഞ്ഞുകിടക്കുന്ന മുറികൾ 2) പുക്കോത്തെരുവിലേക്കുള്ള ഇടവഴിയിൽ കഞ്ചാവ്-മദ്യ റാക്കറ്റ് കയ്യടക്കിയ കാടുമൂടിക്കിടക്കുന്ന സ്ഥലം

ഇവിടം സ്വർഗമാണ്, കഞ്ചാവ് റാക്കറ്റിനും മദ്യവിൽപ്പന

പത്ത് വയസ് മുതലുള്ള കുട്ടികളടക്കം ലഹരിക്കടിമകൾ • ശിക്ഷ ലഘുവായത് ലഹരിക്കടത്ത് വർദ്ധിക്കാൻ കാരണം

പുളിമ്പറമ്പ് പ്രദേശത്ത് കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നു

അനേകം കുട്ടികൾ ലഹരിക്ക് അടിമകളായി മാറിയിട്ടുണ്ട്. പല രക്ഷിതാക്കൾക്കും ഇതിനെ കുറിച്ച് വിവരം ഉണ്ടെങ്കിലും അവർ തുറന്നുപറയാൻ മടിക്കുകയാണ്.

ഇപ്പോൾ പുളിമ്പറമ്പ്, കീഴാറ്റൂർ, മാന്തംകുണ്ട് വാർഡിൽ പല ഭാഗങ്ങളിലും ചില കുട്ടികൾ ലഹരി ഉപയോഗിക്കുകയും വിതരണം ചെയ്യുന്നുമുണ്ട്. സാൻജോസ് സ്കൂൾ പരിസരത്ത് രാത്രി സമയങ്ങളിൽ വിദൂര സ്ഥലങ്ങളിൽ നിന്ന് പോലും ആളുകൾ എത്തുന്നതായി വിവരമുണ്ട്. നിരവധി തവണ തളിപ്പറമ്പ പോലീസിൽ പരാതി നൽകിയിരുന്നു. ലഹരി വിൽപ്പനക്കും ഉപയോഗത്തിനുമെതിരെ തളിപ്പറമ്പ പോലീസ് നിയമനടപടി സ്വീകരിച്ചിരുന്നെങ്കിലും ലഹരി ഉപയോഗം കുറക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ പോലീസിന്റെ സമഗ്രമായ അന്വേഷണവും നടപടിയും ഉണ്ടാവണമെന്നും പരാതിയിൽ ചൂണ്ടിക്കാട്ടി.

തെരുവ് കച്ചവടക്കാരുടെ വാഹനങ്ങൾ പോലീസ് കസ്റ്റഡിയിലെടുത്തു

ആലക്കോട്: ആലക്കോട് ടൗണിൽ ഗതാഗതത്തിന് തടസമുയർത്തുന്ന വിധത്തിൽ തെരുവ് വ്യാപാരം നടത്തിവന്നവരുടെ വാഹനങ്ങൾ പോലീസ് കസ്റ്റഡിയിലെടുത്തു. വ്യാപാര സ്ഥാപനങ്ങൾക്ക് മുന്നിൽ വാഹനങ്ങൾ നിർത്തിയിട്ട് അനധികൃത വ്യാപാരം നടത്തുന്നത് സംബന്ധിച്ച് വ്യാപാരി വ്യവസായി സമിതി നൽകിയ പരാതിയെ തുടർന്ന് എസ്.ഐ കെ. പ്രഭാകരന്റെ നേതൃത്വത്തിലാണ് പോലീസ് വാഹനങ്ങൾ കസ്റ്റഡിയിലെടുത്തത്. പിഴ ഈടാക്കിയ ശേഷം വാഹനങ്ങൾ വിട്ടുനൽകി.

മാലിന്യം വലിച്ചെറിഞ്ഞ സ്ഥാപനങ്ങൾക്കെതിരെ നടപടി

തളിപ്പറമ്പ: നഗരത്തിലെ പൊതുസ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞ മൂന്ന് സ്ഥാപനങ്ങൾക്കെതിരെ നഗരസഭയുടെ നടപടി. സ്ഥാപനങ്ങളിൽ നിന്ന് 4000രൂപ പിഴ ഈടാക്കി. നഗരസഭാ പരിധിയിലെ സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കാൻ ഹരിത കർമ്മസേനയെ നിയോഗിച്ചിട്ടുണ്ട്. ഇതുപയോഗപ്പെടുത്താതെ മാലിന്യങ്ങൾ കൈകാര്യം ചെയ്തതിനാലാണ് നടപടി. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ലൈസൻസ് റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടി കൈക്കൊള്ളുമെന്ന് നഗരസഭ സെക്രട്ടറി അഭിലാഷ് അറിയിച്ചു.

കോമരം ജീവനൊടുക്കി

പയ്യന്നൂർ: കണ്ടങ്കാളി കാരളിക്കര കണ്ണങ്ങാട്ട് ഭഗവതി ക്ഷേത്രം പുതിയ ഭഗവതിയുടെ പ്രതിപുരുഷൻ കാഞ്ഞിരങ്ങാടൻ സുകുമാരൻ കോമരം (58) വീട്ടിനകത്ത് തൂങ്ങിമരിച്ചനിലയിൽ. ഇന്ന് രാവിലെ കിഴക്കെ കണ്ടങ്കാളിയിലെ വീട്ടിനകത്ത് ഗ്രിൽസിലാണ് തൂങ്ങിമരിച്ചനിലയിൽ കാണപ്പെട്ടത്. പയ്യന്നൂർ സഹകരണ ആശുപത്രി ജീവനക്കാരിയായ ഭാര്യ ശ്യാമള നൈറ്റ് ഡ്യൂട്ടി കഴിഞ്ഞ് രാവിലെ വീട്ടിൽ എത്തിയപ്പോഴാണ് ഭർത്താവിനെ തൂങ്ങിമരിച്ചനിലയിൽ കാണപ്പെട്ടത്. മക്കൾ: സുശാന്ത് (ഗൾഫ്), ശ്രുതി.

NIKKAH TODAY
(05-10-2018)

FAISAL.K
S/o. Muhammed Ali.C
Fousiya Manzil
Badariya Nagar
Taliparamba
HASEENA.K
D/o. Hamza
Kodiyil House
Nelliparamba
With Best Compliments from
TEAM OF SILENT
BADARIYA NAGAR

WELCARE WEDDING PLANING
MARRIAGE BUREOU
NEW BAZAR, ALAKODE
E-mail: ssjobalakode@gmail.com
ഇന്ത്യയിലും വിദേശത്തും ജോലിയുള്ള യുവതി യുവാക്കളിൽ നിന്ന് അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. മറ്റ് വിവാഹാലോചനകൾക്കും ബന്ധപ്പെടുക
PH: 7012591894, 9747577330
സ്ത്രീകൾക്ക് സൗജന്യ രജിസ്ട്രേഷൻ

ചരമം

ജോയി

ആലക്കോട്: കരുവഞ്ചാൽ ടൗണിലെ മുൻ വ്യാപാരിയും തുഷാര ഫാൻസി ഉടമയുമായിരുന്ന കരുവഞ്ചാലിലെ പുറവിടക്കുന്നേൽ ജോയി (തുഷാര ജോയി-59) നിര്യാതനായി. കെ.വി.വി.ഇ.എസ് കരുവഞ്ചാൽ യൂണിറ്റ് സെക്രട്ടറി, മർച്ചന്റ്സ് വെൽഫെയർ സൊസൈറ്റി സെക്രട്ടറി തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിരുന്നു. പെരിങ്ങാലയിലെ പുറവിടക്കുന്നേൽ പാപ്പച്ചൻ-പരേതയായ മറിയക്കുട്ടി ദമ്പതികളുടെ മകനാണ്. ഭാര്യ: അരങ്ങ് കുന്നേൽ കുടുംബാംഗം ലിസമ്മ. മക്കൾ: മിവൽ (ദുബായ്), ജുവൽ. മരുമകൻ: ഷെൽസൺ (അധ്യാപകൻ, നാഗ്പൂർ). സഹോദരങ്ങൾ: ചാക്കോച്ചൻ (മീൻപറ്റി), തങ്കച്ചൻ (പെരിങ്ങാല), ലിസി സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ (ആലക്കോട്), പരേതനായ ബേബി (ബോബി സ്റ്റുഡിയോ, കരുവഞ്ചാൽ). സംസ്കാരം നാളെ ഉച്ച കഴിഞ്ഞ് രണ്ട് മണിക്ക് കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ ദേവാലയത്തിലെ കുടുംബ കല്ലറയിൽ.

കരുണാകരൻ

പരിയാരം: പരിയാരം സെന്ററിലെ കലികോട്ട് വീട്ടിൽ കരുണാകരൻ (67) നിര്യാതനായി. ഭാര്യ: ഏഴിൽ വീട്ടിൽ രുഗ്മിണി. മക്കൾ: മിനി, സിനി, സുനിൽ. മരുമക്കൾ: വാസുദേവൻ (നടുവിൽ), പ്രതീഷ് (ചക്കരക്കൽ). സഹോദരങ്ങൾ: ലീല (നീലേശ്വരം), സരോജിനി, സത്യഭാമ, പുരുഷോത്തമൻ, അച്ചുതൻ (എല്ലാവരും നടുവിൽ). സംസ്കാരം വൈകിട്ട് നാലിന് സമുദായ ശ്മശാനത്തിൽ.

മേരി

ആലക്കോട്: മണക്കടവ് കാരിക്കയത്തെ ആദ്യകാല കുടിയേറ്റ കർഷകൻ പരേതനായ പ്ലാത്തോട്ടത്തിൽ ഇമ്മാനുവലിന്റെ ഭാര്യ മേരി (86) നിര്യാതയായി. മക്കൾ: ഗ്രേസിക്കുട്ടി, കുഞ്ഞപ്പച്ചൻ, കുഞ്ഞുമോൻ, സാലി, സാബു (നാലുപേരും കർണ്ണാടക), മോൻസി. മരുമക്കൾ: ജോസ് (ഇടുക്കി), കുട്ടിയമ്മ (ധർമ്മസ്ഥലം), മേഴ്സി (ബൽത്തങ്ങാടി), ജോണി (കണ്ഠീവ), എൽസമ്മ (ഷിമോഗ), സിബി എബ്രായിൽ (മണക്കടവ്). സംസ്കാരം നാളെ രാവിലെ 10.30ന് മണക്കടവ് സെന്റ് തോമസ് പള്ളിയിൽ.

ജോർജ്

പുലിക്കുരുമ്പ: പുലിക്കുരുമ്പയിലെ ആലിലക്കുഴിയിൽ ജോർജ് (69) നിര്യാതനായി. ഭാര്യ: ചെമ്പന്തൊട്ടി മുണ്ടയ്ക്കൽ കുടുംബാംഗം പരേതയായ റീത്ത. മക്കൾ: ജോർളി, ജിതേഷ്, ജീജ. മരുമക്കൾ: വർഗീസ് മൂഴിക്കളം (കേളകം), ജിൻസി പൂച്ചാലിൽ (മണ്ടളം), അഡ്വ.ടോമി പാമ്പൂരിക്കൽ (പെരുമ്പടവ്). സഹോദരങ്ങൾ: റോസമ്മ മൂലയിൽ, മത്തൻകുഞ്ഞ്, എ.പി.ജോസഫ്, ലില്ലി ആദംകുഴിയിൽ, പരേതരായ പാപ്പച്ചൻ, കുട്ടി, പെണ്ണമ്മ. സംസ്കാരം ഇന്ന് വൈകുന്നേരം 3.30ന് പുലിക്കുരുമ്പ സെന്റ് അഗസ്റ്റിൻസ് പള്ളിയിൽ.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന് : 2,830
പവന് :23,120
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 293 RNI Reg.No.KER MAL/2007/22043